# കേരളസർവകലാശാല

നം.പി.ആർ.236/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല നാളെ നടത്താനിരുന്ന പരീക്ഷകൾ മാറ്റി

കേരളസർവകലാശാല നവംബർ 16 ന് (നാളെ) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. മറ്റു ദിവസത്തെ പരീക്ഷകൾക്ക് മാറ്റമില്ല.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021
### പുതിയ രജിസ്ട്രേഷനും, അപേക്ഷയിൽ തിരുത്തലിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഇതുവരെ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും, നിലവിൽ രജിസ്ട്രേഷൻ ഉള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും നവംബർ 15 മുതൽ 21 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. ഹയർ ഓപ്ഷൻസ് നിലനിർത്തിയ കുട്ടികളുടെ ഹയർ ഓപ്ഷൻസും പുതിയ ഓപ്ഷൻസ് നൽകിയ കുട്ടികളുടെ പുതിയ ഓപ്ഷൻസും മാത്രം പരിഗണിക്കുന്നതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) സ്വന്തമായി മാറ്റങ്ങൾ വരുത്താം. മറ്റ് തിരുത്തലുകൾക്ക് പ്രൊഫൈലിലെ ഫോറം ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. നിലവിൽ മാർക്ക് വ്യത്യാസം കാരണമോ മറ്റേതെങ്കിലും കാരണം കൊണ്ടോ കോളേജിൽ നിന്ന് ഡിഫെക്ട് മെമോ കിട്ടിയതിന്റെ ഫലമായി അഡ്മിഷൻ നഷ്ടമായ കുട്ടികൾ പ്രൊഫൈലിൽ വേണ്ട തിരുത്തലുകൾ സ്വന്തമായി ചെയ്യേണ്ടതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞ തീയതിക്കുള്ളിൽ പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളെ യും നിലവിൽ ഹയർ ഓപ്ഷൻസ് നിലനിർത്തിയിട്ടുള്ള വിദ്യാർത്ഥികളേയും മാത്രമേ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുള്ളൂ.

വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ബിരുദ പ്രവേശനം 2021
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം രണ്ടാം ഘട്ട കൗൺസിലിങ് നവംബർ 15 മുതൽ 17 വരെ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ രണ്ടാം ഘട്ട കൗൺസിലിംഗ് നവംബർ 15 മുതൽ 17 വരെ നടത്തുന്നതാണ്. ആദ്യ ഘട്ടത്തിൽ കോളേജിൽ റിപ്പോർട്ട്

ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരും കമ്മ്യൂണിറ്റി ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട് റാങ്ക് 101 മുതൽ 150 വരെയുളളവരുമാണ് ഈ ഘട്ടത്തിൽ കൗൺസിലിംഗിന് ഹാജരാകേണ്ടത്. വിദ്യാർത്ഥികൾ അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള schedule പ്രകാരം കോളേജിൽ ഹാജരാകേണ്ടതാണ്.. ആദ്യ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരെ പരിഗണിച്ചതിനുശേഷം മാത്രമേ റാങ്ക് 101 മുതൽ 150 വരെയുളളവരെ പരിഗണിക്കുകയുളളൂ. ആദ്യ ഘട്ടത്തിൽ കൗൺസിലിംഗിന് കോളേജിൽ ഹാജരാകാത്തവരെ വീണ്ടും പരിഗണിക്കുന്നതല്ല. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരങ്ങളും കോളേജുകളിലെ ഓരോ കോഴ്സുകളുടെ അഡ്മിഷൻ തീയതിയും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കൗൺസിലിംഗിന് പങ്കെടുത്തതുകൊണ്ട് മാത്രം സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിലെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരായില്ല എങ്കിൽ റാങ്ക്ലിസ്റ്റിലെ അടുത്ത ആളിനെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് ആവശ്യപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികൾ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുളളിൽ വിദ്യാർത്ഥി നേരിട്ടെത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുളളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുളളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുളളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുളളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംഗിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ഒന്നാം വർഷ ബിരുദ പ്രവേശനം – 2021</u>
## <u>എസ്.സി/എസ്.ടി. തിരുവനന്തപുരം/ആലപ്പുഴ മേഖല സ്പോട്ട് അഡ്മിഷൻ നവംബർ 18 ന്</u>

കേരളസർവകലാശാലയുടെ 2021 – 2022 ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുളള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാ തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കാര്യവട്ടത്തും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എസ്.ഡി. കോളേജ്, ആലപ്പുഴയിലും നവംബർ 18 ന് രാവിലെ 10.00 മണിയ്ക്ക് മുൻപായി ഹാജരായി സ്പോട്ട് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രാവിലെ 8.00 മണി മുതൽ 10.00 മണിവരെ സ്പോട്ട് അഡ്മിഷനായുളള രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്. 10.00 മണിക്ക് ശേഷം വരുന്നവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികളുടെ കൈവശം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും

ഉണ്ടായിരിക്കണം. കോളേജും കോഴ്സും ഒരിക്കൽ അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു

വിശദവിവരങ്ങൾക്ക് (http://admissions.keralauniversity.ac.in) അഡ്മിഷൻ വെബ്സൈറ്റ് കാണുക

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2021
## എസ്.സി/എസ്.ടി. കൊല്ലം മേഖല സ്പോട്ട് അഡ്മിഷൻ
## നവംബർ 19 ന്

കേരളസർവകലാശാലയുടെ 2021 – 2022 ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാ തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ. കോളേജിൽ നവംബർ 19 ന് രാവിലെ 10.00 മണിയ്ക്ക് മുൻപായി ഹാജരായി സ്പോട്ട് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രാവിലെ 8.00 മണി മുതൽ 10.00 മണിവരെ സ്പോട്ട് അഡ്മിഷനായുളള രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്. 10.00 മണിക്ക് ശേഷം വരുന്നവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികളുടെ കൈവശം ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കണം. കോളേജും കോഴ്സും ഒരിക്കൽ അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു

വിശദ വിവരങ്ങൾക്ക് (http://admissions.keralauniversity.ac.in) അഡ്മിഷൻ വെബ്സൈറ്റ് കാണുക .

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ ബി.കോം. കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018

അഡ്മിഷൻ, സപ്ലിമെന്ററി 2017, 2016, 2015 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015 – 2017 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2016 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് 2013 അഡ്മിഷൻ) ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി നവംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2021 നവംബർ 22 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ. (2014 സ്കീം – സപ്ലിമെന്ററി, 2018 സ്കീം – റെഗുലർ (ഫുൾടൈം (യു.ഐ.എം. ഉൾപ്പെടെ)/ട്രാവൽ ആന്റ് ടൂറിസം/റെഗുലർ – ഈവനിംഗ്) പ്രോജക്ട് ആന്റ് വൈവാ വോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. – സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി., സെപ്റ്റംബർ 2021 പരീക്ഷകൾ കോവിഡ് 19 കാരണം എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം, കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം നവംബർ 20 ന് മുൻപ് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

## ഫങ്ഷണൽ തമിഴ് – ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാലയ്ക്ക് കീഴിലുള്ള മനോന്മണിയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2021 ഡിസംബർ 1 മുതൽ 2022 ഫെബ്രുവരി 28 വരെ മൂന്നുമാസത്തെ ഫങ്ഷണൽ തമിഴ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺലൈനായി നടത്തുന്നു. തമിഴ് വായിക്കാനും എഴുതാനും സംസാരിക്കാനും വിവർത്തനം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് സിലബസ് ആസൂത്രണം ചെയ്തിരിക്കുന്നത്. തമിഴ് ഭാഷാപരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിർണയിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഉദ്യോഗങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്.

മൂന്നുമാസമാണ് കോഴ്സിന്റെ കാലാവധി. എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകുന്നേരം 6 മണി മുതൽ 8 മണി വരെയാണ് ക്ലാസ്. ഗൂഗിൾമീറ്റ് വഴിയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഹയർസെക്കണ്ടറി വിജയമാണ് അടിസ്ഥാനയോഗ്യത. കോഴ്സിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല. അറ്റൻൻസ്, ഗ്രൂപ്പ് വർക്ക്, എഴുത്തുപരീക്ഷ,

വാചാപരീക്ഷ എന്നിങ്ങനെ നൂറു മാർക്കാണ് ആകെ സ്കോർ. കോഴ്സ് വിജയിക്കുന്നതിന് 50 മാർക്ക് നേടണം.

ഫീസ്: 3000/- (മൂവായിരം) രൂപയാണ്. കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർ ഇതോടൊപ്പമുളള ഗൂഗിൾ ഫോം പൂരിപ്പിച്ചയക്കുക.

https://docs.google.com/forms/d/e/1FAIpQLSf36cKPIfqQd_UsX2IUDnJPj9eNKjvJa-o4rBswbRjNbfA-zQ/viewform?usp=pp_url

അപേക്ഷ അയക്കുന്നതിനുളള അവസാന തീയതി നവംബർ 27. വിശദവിവരങ്ങൾക്ക്: **9496468759, 9447222571.**

**തിരുവനന്തപുരം,**
**15.11.2021.**

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**